# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മേയ് 11 | ദീപം 56 | നാളം 10 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# സുഡാനിൽ വെടിയൊച്ച നിലയ്ക്കുന്നില്ല




തോമസ് കുഴിഞ്ഞാലിൽ


"സായുധസേനത്തലവനായ ജനറൽ ബുർഹാനും ഞാനും ഇന്ന് ഒരു ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയാണ്. ഈ കരാറിൻപ്രകാരം എത്രയുംവേഗം ഒരു ജനാധിപത്യസർക്കാരിന് ഞങ്ങൾ രൂപം നല്കും. ഇതിലെ ഓരോ വാക്കും ഞങ്ങൾ അക്ഷരംപ്രതി നടപ്പാക്കും." സുഡാനിലെ അർധസൈനികവിഭാഗമായ റാപ്പിഡ് സപ്പോർട്ട് ഫോഴ്സ് (ആർഎസ്എഫ്) തലവൻ ജനറൽ മുഹമ്മദ് ഹംദാൻ ഡഗോലോ 2019 ഓഗസ്റ്റിൽ സുഡാന്റെ സൈനികമേധാവിയായ ജനറൽ അബ്ദുൾ ഫത്താ അൽ ബുർഹാന്റെ സാന്നിധ്യത്തിൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനമാണിത്.

1989 മുതൽ 2019 വരെയുള്ള 30 വർഷം ഉരുക്കുമുഷ്ടികൊണ്ടു ഭരണം നടത്തിയ പ്രസിഡന്റ് ഒമർ അൽ ബഷീറിനെ അട്ടിമറിച്ച് അധികാരം പിടിച്ചെടുത്ത രണ്ടു പട്ടാളമേധാവികളും ചേർന്ന് ഒരു താത്കാലികസർക്കാരിനു രൂപംനൽകിയെങ്കിലും ആ ഭരണകൂടത്തെ 2021 ൽ താഴെയിറക്കുകയും അധികാരം പങ്കിടുകയുമായിരുന്നു. ഇരുവരും ചേർന്ന് 2022 ഡിസംബറിൽ ഏർപ്പെട്ട കരാറിലൂടെ ഒരു ലക്ഷത്തോളം വരുന്ന ആർഎസ്എഫ് സേനാംഗങ്ങൾ രണ്ടു വർഷത്തിനുള്ളിൽ ഔദ്യോഗികസേനാവിഭാഗത്തിൽ ലയിക്കണമായിരുന്നു. ജനറൽ ബുർഹാനായിരിക്കും സംയുക്തസേനയുടെ തലവൻ എന്ന തീരുമാനം ഡഗോലോയുടെ ഉള്ളിൽ ഒരു കല്ലുകടിയായി അവശേഷിച്ചിരുന്നതിനാൽ ലയനത്തിനുള്ള കാലാവധി പത്തു വർഷമായി നീട്ടാനുള്ള നിർദേശം മുന്നോട്ടുവച്ചു. ജനറൽ ഡഗോലോയുടെ ആവശ്യം കരാറിന്റെ നഗ്നമായ ലംഘനമാണെന്ന നിലപാടിൽ ബുർഹാൻ ഉറച്ചുനിന്നതോടെ രണ്ടുപേർക്കും ഇടയിലുള്ള അസ്വാരസ്യങ്ങളും പുറത്തുവന്നു. ഇക്കഴിഞ്ഞ ഏപ്രിൽ 15-ാം തീയതി ഇരുവരുടെയും അനുയായികൾ ഖാർത്തൂമിലെ തെരുവുകളിൽ ഏറ്റുമുട്ടി. തലസ്ഥാനഗരിയിൽ തുടങ്ങിയ സംഘർഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിക്കാൻ അധികസമയം വേണ്ടിവന്നില്ല. വിവിധ നഗരങ്ങളിൽ മൂന്നാഴ്ചയായി നടക്കുന്ന ഏറ്റുമുട്ടലുകളിൽ അഞ്ഞൂറിലേറെപ്പേർക്ക് ജീവഹാനി നേരിടുകയും അയ്യായിരത്തിലേറെ പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. നിരപരാധികളായ സാധാരണജനങ്ങളും ഇക്കൂട്ടത്തിലുണ്ട്. ഖാർത്തൂമിലെ സംഘർഷത്തിനിടയിൽ കണ്ണൂർ ആലക്കോടു സ്വദേശി 48 കാരനായ ആൽബർട്ട് അഗസ്റ്റിൻ വെടിയേറ്റു മരിച്ചത് വാർത്തയായിരുന്നു.

ഒമർ അൽ ബഷീറിന്റെ ഭരണകാലത്തു നടന്നിട്ടുള്ള വിവിധ കലാപങ്ങളെ അടിച്ചമർത്തി കൈകളിൽ രക്തം പുരണ്ടവരാണ് രണ്ടു ജനറൽമാരുമെന്നത് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണമാക്കും. ബഷീർ ഭരണകൂടത്തിനെതിരേ തെക്കൻ സുഡാൻ നിവാസികൾ വിഘടിച്ചുനിന്നു നടത്തിയ പോരാട്ടങ്ങളിൽ ആയിരങ്ങളെയാണ് ഇരുവരുടെയും സൈന്യം കൊന്നൊടുക്കിയത്.

രണ്ടുപേരുടെയും സേനാവിഭാഗങ്ങൾ തമ്മിൽ രാജ്യവ്യാപകമായി നടക്കുന്ന ഏറ്റുമുട്ടലുകൾക്ക് ആശയപരമോ വർഗപരമോ മതപരമോ ആയ ഒരു സ്വഭാവവുമില്ലെന്നത് വിചിത്രമായിത്തോന്നാം. ഇരുവിഭാഗങ്ങളും തമ്മിൽ ഇടതുപക്ഷമോ വലതുപക്ഷമോ എന്ന പേരിൽ ആശയപരമായോ കറുത്തവരും വെളുത്തവരും എന്ന നിലയിൽ വർഗപരമായോ, മുസ്ലീം-ക്രിസ്ത്യൻ എന്ന രീതിയിൽ മതപരമായോ ഉള്ള വ്യത്യാസങ്ങളില്ലെന്നാണു നിരീക്ഷിച്ചിട്ടുള്ളത്. രാജ്യത്തെ മുഴുവൻ കലാപഭൂമിയാക്കിയത് രണ്ടു വ്യക്തികൾ തമ്മിലുള്ള അധികാരപ്പോരാണ്. ഇത്തരം ഒരു സാഹചര്യത്തിൽ അയൽരാജ്യങ്ങൾക്കോ വൻശക്തി രാഷ്ട്രങ്ങൾക്കോ ഐക്യരാഷ്ട്രസംഘടനയ്ക്കോ വ്യക്തമായ നിലപാടുകളോ നടപടികളോ എടുക്കാൻ വയ്യാത്ത അവസ്ഥയും സംജാതമായിരിക്കുന്നു. തത്കാലം തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കുകയെന്ന നയമാണ് ഓരോ രാജ്യവും സ്വീകരിച്ചിരിക്കുന്നത്. സുഡാനിലുള്ള 3,400 ഇന്ത്യക്കാരിൽ 2,200 പേരെ ഇതിനകം നാട്ടിലെത്തിച്ചു കഴിഞ്ഞതായി വിദേശമന്ത്രാലയം സ്ഥിരീകരിച്ചിട്ടുണ്ട്.

**മുഹമ്മദ് ഹംദാൻ ഡഗോലോ അഥവാ 'ഹെമെഡ്ട്'**

അറബി നാടോടിസമൂഹത്തിൽ ജനിച്ചുവളർന്ന മുഹമ്മദ് ഹംദാൻ ഡഗോലോ, തന്റെ കുടുംബത്തിന്റെ ഒട്ടകക്കൂട്ടങ്ങളെ ആക്രമിച്ച് വസ്തുവകകൾ കൊള്ളയടിക്കുകയും 60 കുടുംബാംഗങ്ങളെ കൊന്നൊടുക്കുകയും ചെയ്ത കൊള്ളക്കാരെ നേരിടുന്നതിനു രൂപംകൊടുത്ത 'ജൻജാവീഡ്' എന്ന സംഘടയുടെ പുതിയ രൂപമാണ് ആർഎസ്എഫ്. പ്രസിഡന്റ് ബഷീറിന്റെ വിശ്വസ്തനായിനിന്ന് ജനറൽപദവിവരെയെത്തിയ വ്യക്തിയാണ് ഡഗോലോ. ജനങ്ങൾക്കിടയിൽ 'ഹെമെഡ്ട്' അഥവാ 'കുഞ്ഞു മുഹമ്മദ്' എന്നറിയപ്പെടുന്ന ഡഗോലോയെയാണ് 17 വർഷം നീണ്ടുനിന്ന ഡാർഫർ മേഖലയിലെ ആഭ്യന്തരയുദ്ധം അടിച്ചമർത്താൻ ബഷീർ നിയോഗിച്ചത്. ഫർ, മസാലിത്, സഗ്ഹാവ തുടങ്ങിയ വിഘടനവാദിസംഘടനകളെ മുഴുവൻ ഇല്ലായ്മചെയ്ത് കലാപം കെട്ടടങ്ങുമ്പോഴേക്കും മൂന്നു ലക്ഷം പേരുടെ ജീവൻ പൊലിയുകയും 27 ലക്ഷം പേർ ഭവനരഹിതരാവുകയും ചെയ്തു. ഇത്രയും വലിയ കൂട്ടക്കൊല നടത്തിയതിന്റെപേരിൽ അന്തർദേശീയ കുറ്റാന്വേഷണക്കോടതി ഒമർ അൽബഷീറിനും ഹെമെഡ്ടിനുമെതിരേ പ്രഖ്യാപിച്ച ഒരു വിധി നിലനില്ക്കുന്നുണ്ട്. ഡാർഫറിലെ ആഭ്യന്തരകലാപത്തിനു വിരാമമിട്ട ഹെമെഡ്ടിന്റെ പ്രശസ്തി വാനോളം ഉയർന്നത് ഈ സംഭവത്തോടെയാണ്. ആർഎസ്എഫിന്റെ തലവൻ എന്ന നിലയിൽ വിമതസംഘടനകളുമായി ചർച്ചകൾ നടത്താനും വഴങ്ങാത്തവരെ ഉന്മൂലം ചെയ്യാനുമുള്ള അധികാരവും അദ്ദേഹത്തിനുണ്ടായിരുന്നു. ശത്രുക്കളിൽനിന്ന് നിരന്തരം ഭീഷണിയുണ്ടായിരുന്ന പ്രസിഡന്റിന്റെ സംരക്ഷണച്ചുമതലയും ഹെമെഡ്ടിനായിരുന്നു.

പ്രസിഡന്റ് ഒമർ അൽ ബഷീറിന്റെ കീഴിൽ രണ്ടാം സ്ഥാനത്തേക്കുയർന്ന നാല്പത്തെട്ടുകാരനായ ഡഗോലോ അന്താരാഷ്ട്രതലങ്ങളിലും പ്രശസ്തനാണ്. സൗദി അറേബ്യ, യുഎഇ തുടങ്ങിയ സമ്പന്നരാജ്യങ്ങളിലെ ഭരണാധികാരികളുമായി അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ട്. റഷ്യയുടെ കൂലിപ്പട്ടാളമായ 'വാഗ്നർ' ഗ്രൂപ്പിന്റെ തലവൻ യവ്ജിനി പ്രിഗോഷിൻ ഡഗോലോയുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളിലൊരാളാണ്. ഛാഡിലെയും ലിബിയയിലെയും യെമനിലെയും ആഭ്യന്തരകലാപങ്ങൾ അടിച്ചമർത്താൻ ആർഎസ്എഫ് സേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്. ഡാർഫർ കലാപം അടിച്ചൊതുക്കിയ ധീരരായ പോരാളികളാണ് ഹെമെഡ്ടിന്റെ തുറുപ്പുചീട്ട്. റോക്കറ്റ് പ്രൊപ്പല്ലറുകളും മെഷിൻ ഗണ്ണുകളും ഗ്രനേഡുകളും നിറച്ച ട്രക്കുകൾ സ്വന്തമായുള്ളതിനാൽ ബുർഹാന്റെ ഔദ്യോഗികസേനയോട് ഏറെനാൾ എതിർത്തുനില്ക്കാനാവും. 'ആരാണ് ഒന്നാമൻ' എന്നു തീരുമാനിക്കാനുള്ള ഒരു ബലാബലമായി ഈ സംഘർഷം മാറിയിട്ടുണ്ട്. ഇത് എത്രയുംവേഗം പരിഹരിച്ചില്ലെങ്കിൽ ലോകംകണ്ട ഏറ്റവും വലിയ ആഭ്യന്തരകലാപമായി മാറിയേക്കുമെന്ന് സുഡാന്റെ മുൻ പ്രധാനമന്ത്രി അബ്ദുള്ള ഹംഡോക് അഭിപ്രായപ്പെട്ടു. സുഡാന്റെ 18 സംസ്ഥാനതലസ്ഥാനങ്ങളിൽ 12 ലും രൂക്ഷമായ ഏറ്റുമുട്ടലുകൾ നടക്കുകയാണെന്നും ഖാർത്തൂമിലെ സൈനികാസ്ഥാനം ഡഗോലോയുടെ സൈന്യം വളഞ്ഞിരിക്കുന്നുവെന്നും വാർത്തയുണ്ട്.

**സുഡാൻ - നൈലുകളുടെ സംഗമസ്ഥാനം**

'സുഡാൻ' എന്ന വാക്കിന്റെ അർഥം 'കറുത്ത വർഗക്കാരുടെ നാട്' എന്നാണ്. സുഡാനിലെ ഭൂരിഭാഗം ജനങ്ങളും കറുത്തവർഗക്കാരായ അറബികളാണ്. ▶8




70
Years of Printing
Experience the state-of-the-art printing at Pala's First & Finest printing press.
MULTI-COLOUR OFFSET PRINTING & CTP • DIGITAL LASER PRINTING • SCREEN PRINTING • POSTER DESIGNING • BINDING • LAMINATION
PALA, KOTTAYAM DT., KERALA - PIN 686575
+91 9496 613 275
St. Thomas Press, Pala
Established: 1953


OVERSEAS EDUCATION SERVICES
Study & Work
Canada
Australia
Germany
UK, Ireland
New Zealand
USA, Europe Etc.
Free Recruitment for Nurses
UK, Ireland, Germany
NAIPUNNYA INTERNATIONAL
ST. THOMAS PRESS BUILDING, PALA, PIN - 686 575
7012931465, 04822201546
pala@naipunnyaint.com
Head office
Ernakulam: 944 633 99 66
0484 2381947/ 8
Other Branches
Kaloor : 954 491 91 44
0484 2534849
Thrikkakara : 954 491 91 33
Angamaly : 954 491 91 55
NAIPUNNNYA ACADEMY
KALOOR, THRIKKAKARA
Civil Service, KAS, Bank Coaching
UGC- NET, Entrance Coaching
All other Competitive exams
Kaloor – 9544919144, 0484 2534849
Thrikkakara – 9544919133

# ഭൂമിയിലെ മാലാഖമാർക്കു വന്ദനം!



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**മേയ് 12 നഴ്സസ് ദിനം**

**വി**ണ്ണിൽനിന്നു മാലാഖമാർ മണ്ണിൽ വന്നതിന്റെ വൃത്താന്തങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിലുണ്ട്. വിടുതലിന്റെയും വീണ്ടെടുപ്പിന്റെയും സുവാർത്തയുമായിട്ടാണ് അവരുടെ സമാഗമം. സർവസ്രഷ്ടാവും പരിപാലകനും സൗഖ്യദായകനുമായ ദൈവത്തിന്റെ കരുതലിന്റെ കരസ്പർശമാണ് അവർ മനുഷ്യനു സമ്മാനിച്ചത്. അവരുടെ സാമീപ്യത്തിൽ മനുഷ്യകുലത്തിന്റെ നിരാശ നീങ്ങി. മണ്ണിന്റെ മിഴിനീരുണങ്ങി. അവിടെ വാമൊഴികൾ പ്രത്യാശയുടെ പുതിയ ലോകത്തേക്കുള്ള വാതിലുകൾ തുറന്നിട്ടു. അവരുടെ ആഗമനത്തിൽ ഇളകിമറിഞ്ഞ ഓളങ്ങളിൽ ഒളിച്ചവർ വർഷങ്ങളായി വിട്ടുമാറാതിരുന്ന വ്യാധികളിൽനിന്നും വിമുക്തരായി. ശുഭ്രവസ്ത്രധാരികളായ അവരുടെ സാന്നിധ്യം ശോകമൂകമായ അന്തരീക്ഷത്തിൽ ശുഭസൂചകമായിരുന്നു. അവരുടെ സാമീപ്യം സുഖദായകവും ആ വാനാരൂപികളുടെ വാക്കുകൾ വൈദ്യവും, കർമങ്ങൾ കരുതലുള്ളവയുമായിരുന്നു. വെള്ളിച്ചിറകുകൾ വീശി പറന്നുനടന്ന അവർ പ്രപഞ്ചത്തിലെ പ്രത്യാശയുടെ പ്രകാശഗോളങ്ങളായി.

വേദപുസ്തകങ്ങളിലെ മാലാഖമാർ മണ്ണുവിട്ടു വിണ്ണിലേക്കു മടങ്ങിയപ്പോൾ മണ്ണ് അനാഥമാകാതിരിക്കാൻ, പാരിൽ കരുതലി



നും കാരുണ്യത്തിനും പഞ്ഞമുണ്ടാകാതിരിക്കാൻ മണ്ണിൽനിന്നു തന്നെ മാലാഖമാരെ മെനഞ്ഞെടുക്കാൻ വിണ്ണു മനസ്സായി. ലോകമെമ്പാടുമുള്ള അസംഖ്യം ആരോഗ്യകേന്ദ്രങ്ങളിലായി അശ്രാന്തസേവനം ചെയ്തുകൊണ്ട് വിൺദൂതരെപ്പോലെ വെൺവസ്ത്രമണിഞ്ഞു പറന്നുനടന്ന ആതുരശുശ്രൂഷകരാണവർ. നമ്മിൽ നല്ലൊരു ഭാഗവും നേരം നോക്കി മുടങ്ങാതെ ആഹാരം കഴിക്കുമ്പോൾ ഊണും ഉറക്കവും പോലുമില്ലാതെ ജോലി ചെയ്യുന്നവർ. പകർച്ചവ്യാധികളെ പേടിച്ചു മനുഷ്യർ മുറികൾ പൂട്ടി സുരക്ഷിതരായി കഴിയുമ്പോൾ പ്രാണൻപോലും പണയംവച്ചുകൊണ്ട് രോഗികളെ പരിചരിക്കുന്നവർ. മറ്റാർക്കുമെന്നപോലെ ആശങ്കകളും, സ്വപ്നങ്ങളും സ്വകാര്യതകളും ഉറ്റവരും പെറ്റവരും കുടുംബങ്ങളും കൂട്ടരുമൊക്കെ തങ്ങൾക്കുമുണ്ടെങ്കിലും അവയെയൊക്കെ മറക്കാതെ മറന്നുകൊണ്ട് മറ്റുള്ളവരുടെ ആയുസ്സിനെ ആവുന്നത്ര നീട്ടിക്കൊണ്ടുപോകാൻ അക്ഷീണം, അഹോരാത്രം അധ്വാനിക്കുന്നവർ.

ആതുരസേവനം വെറുമൊരു ഉപജീവനമാർഗം എന്നതിലുപരി ഉന്നതമായ ഒരു അർപ്പണമാണ്. സോദരസ്നേഹത്തിന്റെയും സമർപ്പിതസേവനത്തിന്റെയും അൾത്താരകളിൽ അനുദിനം അർച്ചനാപുഷ്പങ്ങളായി മാറുന്ന അനേകലക്ഷം ആതുരശുശ്രൂഷകർ ആഗോളതലത്തിലുണ്ട്. പരിചിതരും അല്ലാത്തവരുമായി അടുത്തും അകലെയുമുള്ള അവരെയെല്ലാം ജാതി, മത, വർണവിശ്വാസങ്ങളെ മറികടന്നുപോരുന്ന അവരുടെ സേവനങ്ങളോടുകൂടെ ലോകം നന്ദിയോടെ അനുസ്മരിക്കേണ്ടതുണ്ട്. ഔഷധങ്ങളാണ് സൗഖ്യം നല്കുന്നതെങ്കിലും അവയുടെയൊക്കെ ശാസ്ത്രീയ ശക്തികൾക്കപ്പുറത്തേക്കു നീണ്ടുപോകുന്ന സൗഖ്യത്തിന്റെ ചില അദൃശ്യകരസ്പർശങ്ങളുണ്ട്.

> ഔഷധങ്ങളാണ് സൗഖ്യം നല്കുന്നതെങ്കിലും അവയുടെയൊക്കെ ശാസ്ത്രീയശക്തികൾക്കപ്പുറത്തേക്കു നീണ്ടുപോകുന്ന സൗഖ്യത്തിന്റെ ചില അദൃശ്യകരസ്പർശങ്ങളുണ്ട്. അവ ആതുരശുശ്രൂഷകരുടേതാണ്. അനർഥങ്ങളും അപായങ്ങളും മുള്ളുകളും മുറിവുകളുമൊക്കെയുള്ള നമ്മുടെ ജീവിതവഴികളിൽ തൈലക്കൂട്ടുകളുമായി തമ്പുരാൻ നിയമിച്ചയയ്ക്കുന്ന നല്ല സമരിയാക്കാരാണവർ.

ശേഷം 12-ാം പേജിൽ

# ഇവിടെ വികസിക്കുന്നതു വ്യക്തിത്വമോ?



ഡോ. രാജേഷ് കെ. പുതുമന

**ഏ**പ്രിൽ, മേയ് മാസങ്ങളിൽ കേരളത്തിലേറ്റവും കൂടുതൽ 'വികസിക്കുന്നത്' പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള കുട്ടികളുടെ 'വ്യക്തിത്വ'മാണ്. എങ്ങനെ വികസിക്കാതിരിക്കും? നാലുപാടും വ്യക്തിത്വവികസന ക്യാമ്പുകളല്ലേ! രണ്ടുമുതൽ ഏഴു വരെ ദിവസം നീളുന്ന ക്യാമ്പുകളാണു കൂടുതലും. ഈ വികസിപ്പിക്കലിനിടയിൽത്തന്നെ പത്തുനാല്പതിനങ്ങളിൽ വേറേയുമുണ്ടു പരിശീലനം. സംഗീതത്തിന്റെ ഗണിതശാസ്ത്രം (ഒരു മണിക്കൂർ), കുച്ചുപ്പുടിയിൽ തളികയുടെ പ്രാധാന്യം (45 മിനിറ്റ്), ഭാരമില്ലാതെ എങ്ങനെ ഭരതനാട്യം കളിക്കാം (ഒന്നര മണിക്കൂർ), നാടകവും കർട്ടനും (അരമണിക്കൂർ) ഇങ്ങനെ കുറെയേറെ വിഷയങ്ങൾ നോട്ടീസിലുണ്ടാവും. ക്ലാസെടുക്കാൻ വരുന്ന പണ്ഡിതശ്രേഷ്ഠന്റെ/ശ്രേഷ്ഠയുടെ ബയോഡേറ്റ അവതരിപ്പിച്ചുതീരുമ്പോൾത്തന്നെ ഉള്ളതിൽ അരമണിക്കൂർ കഴിയും. ബാക്കിയുള്ള കുറഞ്ഞ സമയത്തിനുള്ളിൽ ഗഹനങ്ങളായ വിഷയങ്ങളിൽ എന്തു പരിശീലനം കൊടുക്കാനാണ്? ഫലത്തിൽ ഇത്തരം ക്യാമ്പുകളിൽ മഹാഭൂരിപക്ഷവും പ്രഹസനമായി മാറുന്നുവെന്നതാണ് പരമാർഥം! മറ്റൊരർഥത്തിൽ പിള്ളേരെ പറ്റിക്കൽ തന്നെ!

രക്ഷിതാക്കൾക്ക് ഒരൊറ്റ സംഗതിയിലേ താത്പര്യമുള്ളൂ: കൊച്ചുങ്ങൾ വീട്ടിൽനിന്നൊന്നു മാറിക്കിട്ടുമല്ലോ. ഒരു 'തള്ളും' തള്ളും, 'മൊബൈൽക്കളി അത്രയും നേരമെങ്കിലും ഒന്നുനിർത്തട്ടെ.'



ഉദ്ദേശ്യങ്ങളുടെ ഫലപ്രാപ്തിയെയാണ് 'റിസൾട്ട്' എന്നു പറയുന്നത്. ഇവിടെയെന്തു റിസൾട്ടാണ് ഉണ്ടാകുന്നത്? വ്യക്തിത്വമെന്നത് എന്താണ്? അതെങ്ങനെയാണു വികസിക്കേണ്ടത്? ഒരു വ്യക്തിയുടെ ആന്തരികവും ബാഹ്യവുമായ വിചാരങ്ങളും അതിന്റെ പ്രകടനവും സന്ദർഭങ്ങളെ ബോധ്യപ്പെടുന്നതിനുള്ള ചിന്താശേഷിയുമെല്ലാം ചേർന്നതാണവന്റെ വ്യക്തിത്വം. ദൈവാലയത്തിലേക്കു പ്രവേശിക്കുന്നവൻ പാദരക്ഷ പുറത്തിടുന്നതു വ്യക്തിത്വത്തിന്റെ കൃത്യമായ അടയാളമാണ്. അതു മാസ്കിട്ട് അല്ല യാഥാർഥ്യത്തെയാണ്. സ്വാഭാവികമായുള്ളതിനെ മറച്ചുപിടിച്ച് മറ്റൊന്നായി അഭിനയിച്ചു ചില സന്ദർഭങ്ങളിൽ രക്ഷപ്പെടുന്നുണ്ട്. പക്ഷേ, അവരുടെ 'ചെമ്പ്' ഒരിക്കൽ തെളിയുകതന്നെ ചെയ്യും. അതുകൊണ്ടുതന്നെ, ഒരുവന്റെ വ്യക്തിത്വത്തെ മെച്ചപ്പെടുത്തുന്നതിനു നൽകുന്ന ഓരോ ശ്രമവും സൂക്ഷ്മവും കൃത്യവുമായിരിക്കണം. എന്നു മാത്രമല്ല, പറഞ്ഞുകൊന്നെയാണോ പെരുമാറുന്നതും വർത്തമാനം പറയുന്നതുമെന്നും കുട്ടികൾ ശ്രദ്ധിക്കും.

വേലിതന്നെ വിളവുതിന്നുന്ന സന്ദർഭങ്ങൾ എത്രയോ ഉണ്ട്!

പറഞ്ഞുവരുന്നത് ഇതാണ്: ക്യാമ്പുകളും പരിശീലനങ്ങളുമൊക്കെ നല്ലതുതന്നെ. പക്ഷേ, അത് പ്രായോഗികതലത്തിൽ പ്രയോജനപ്പെടണം. അല്ലാതെ കേവലമൊരു പരിപാടി നടത്തി പിരിഞ്ഞാൽ പോരാ. മിക്കയിടത്തും ഇതിനൊക്കെ കനത്ത ഫീസും വാങ്ങുന്നുണ്ട്. ഉദ്ദേശ്യങ്ങൾ (objectives) വ്യക്തമായി ബോധ്യപ്പെട്ടുവേണം ക്ലാസുകളെടുക്കാൻ. ഇല്ലെങ്കിൽ വെളുക്കാൻ തേച്ചത് പാണ്ടാവുകതന്നെ ചെയ്യും. എൽപി - യുപി വിഭാഗം കുട്ടികൾക്കൊരിടത്ത് 'ഇന്റർവ്യൂവിനെ എങ്ങനെ അഭിമുഖീകരിക്കാം' എന്ന വിഷയം ഒരാൾ 'പരിശീലിപ്പിച്ച്' കൊല്ലുന്നതു കണ്ടു. കുഞ്ഞുങ്ങൾ കോട്ടുവായിട്ടൊരു പരുവമായി. പാത്രമറിയാതെ വിളമ്പി വെറുപ്പിക്കുന്ന ഇത്തരം രംഗങ്ങളാണ് കൂടുതലിടങ്ങളിലും കണ്ടുവരുന്നത്.

എന്തെല്ലാം ചെറിയ കാര്യങ്ങൾ പറഞ്ഞുകൊടുക്കാനുണ്ട്? നിത്യജീവിതത്തിന്റെ ആരോഗ്യശീലങ്ങൾ, സംസാരരീതി, പൊതുവിടങ്ങളിലെ പെരുമാറ്റരീതികൾ, വാഷ് റൂം മര്യാദകൾ, എന്തിന്, ഹോട്ടലിലും വിരുന്നുസൽക്കാരങ്ങളിലുമൊക്കെ കൈകഴുകേണ്ടതെങ്ങനെയെന്നെങ്കിലും ഈ ക്ലാസുകളിൽ പറഞ്ഞുകൊടുക്കാറുണ്ടോ? ഇല്ലേയില്ല. വീട്, ഭക്ഷണമേശ, ബാത്ത്റൂം, വസ്ത്രങ്ങൾ, വർത്തമാനം – ഇവയൊക്കെ മാന്യതയുള്ള വ്യക്തിയെ സൃഷ്ടിച്ചെടുക്കുന്ന വഴികളാണ്. അതുകൊണ്ടുതന്നെ വീടുതന്നെ നല്ലൊരു 'ക്യാമ്പ്' ആക്കിയാൽ പോരേ?

ആലോചിക്കുക.

# അകലെ ഒരു പ്രകാശം

കഥ



സെബാസ്റ്റ്യൻ ചേർപ്പുങ്കൽ

ഇരുളടഞ്ഞ പാതാളഗർത്തങ്ങളിൽ യൂദാസിന്റെ ആത്മാവ് അലഞ്ഞുനടന്നു. എങ്ങും മരണത്തിന്റെ രൂക്ഷഗന്ധം. ഇടയ്ക്കിടയ്ക്കുയരുന്ന ആത്മാക്കളുടെ നെടുവീർപ്പുകളും ശാപവാക്കുകളും അട്ടഹാസങ്ങളും.

യൂദാസിനു മടുത്തു. ഇവിടെ എത്തിയിട്ട് എത്ര ദിവസമായെന്നറിയില്ല. സമയമോ ദിവസത്തിന് കാലമോ ഇല്ലാത്ത അസഹ്യമായ കാത്തിരിപ്പ്. ഇവിടെ ഒരു ദിവസത്തേക്ക് ആയിരം വർഷത്തെക്കാൾ ദൈർഘ്യമുള്ളതുപോലെ. എല്ലാറ്റിനുമുപരി ദൈവത്തിന്റെ അസാന്നിധ്യം. അയാൾ തന്റെ വിധിയോർത്തു സ്വയം ശപിച്ചു. തന്റെ ഒടുങ്ങാത്ത ധനമോഹമാണ് തന്നെ ഈ നരകത്തിൽ എത്തിച്ചത്. ഗുരു തന്നെ പണസഞ്ചി ഏല്പിച്ച നാൾ മുതൽ ഒരിക്കലും പണത്തിനു ദാരിദ്ര്യം അനുഭവിച്ചിരുന്നില്ല. അതിൽനിന്നു പലപ്പോഴും ആരുമറിയാതെ താൻ മോഷ്ടിച്ചിട്ടുണ്ടുതാനും. ഒരിക്കൽപ്പോലും ഗുരു തന്നോടു കണക്കു ചോദിച്ചിട്ടില്ല. തന്റെ ഗുരുവായ യേശുക്രിസ്തുവിന്റെ അദ്ഭുതങ്ങൾ മൂന്നുവർഷം കൂടെനടന്ന് നേരിട്ടു കണ്ടു ജീവിച്ചിട്ടും ആ ഗുരുവിനെ തനിക്കു മനസ്സിലാക്കാൻ സാധിച്ചില്ലല്ലോ. ധനമോഹം തന്റെ കണ്ണുകളെ അന്ധമാക്കിയിരുന്നു. പാപിയാണു ഞാൻ... മഹാപാപി. ദൈവപുത്രനെ മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുത്ത മഹാപാപി...

സത്യത്തിൽ ഗുരുവിന് ഈ വിധം ഒരു ദുരന്തം സംഭവിക്കുമെന്ന് താൻ ഒരിക്കലും കരുതിയിരുന്നില്ല. എത്രയോ പ്രാവശ്യം യഹൂദന്മാർ ഗുരുവിനെ ബന്ധിക്കാനും വധിക്കാനും ശ്രമിച്ചിരുന്നു. അപ്പോഴെല്ലാം ഗുരു അവരുടെ കണ്ണുകളിൽനിന്നു മറഞ്ഞു രക്ഷപ്പെടുകയാണുണ്ടായിട്ടുള്ളത്. ഇതും അപ്രകാരമൊക്കെയേ സംഭവിക്കുകയുള്ളൂ എന്നാണു കരുതിയത്. പിന്നെ പണം, അതു നഷ്ടമില്ലാത്ത ഒരു കച്ചവടമായി തന്റെ കീശയിൽ വീഴുമല്ലോ എന്നു കരുതി.

എന്നാൽ, ശത്രുക്കൾ ഗുരുവിനെ ബന്ധിക്കുകയും വലിച്ചിഴയ്ക്കുകയും മുഖത്തടിക്കുകയും ദേഹോപദ്രവമേല്പിക്കുകയും ചെയ്തപ്പോൾ താൻ സ്തംഭിച്ചുപോയി. എപ്പോഴോ ആ കണ്ണുകൾ തന്റെ നേരേ തിരിയുന്നതു താൻ കണ്ടു. പിന്നെ അവിടെ നിൽക്കാൻ തോന്നിയില്ല. അത്ര ഹൃദയഭേദകമായിരുന്നു ആ കാഴ്ച. കണ്ണുകൾ ഇറുക്കിയടച്ച് മുഖംപൊത്തി എങ്ങോട്ടെന്നില്ലാതെ ഓടി. അവസാനം കൈയിൽ കിട്ടിയ കയർത്തുമ്പിൽ ജീവിതം അവസാനിപ്പിച്ചു.

അന്ന് ഗലീലിയിലൂടെ നടന്നുനീങ്ങുമ്പോൾ ശിഷ്യരായ ഞങ്ങളോടു പറഞ്ഞ ഗുരുവിന്റെ ദിവ്യവചനങ്ങൾ ഓർമയിൽ തെളിയുന്നു. 'അവർ തന്നെ വധിക്കുമെന്നും മൂന്നാംനാൾ താൻ ഉയിർപ്പിക്കപ്പെടു'മെന്നുമുള്ള തിരുവചനം. ഇപ്പോഴാണ് തനിക്കു കാര്യങ്ങൾ ബോധ്യമാകുന്നത്.



ആ പാദാന്തികത്തിൽവീണ് ഒന്നു മാപ്പുചോദിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ... അയാൾ സ്വയം ശപിച്ച് നെടുവീർപ്പിച്ചു.

പെട്ടെന്ന് പാതാളഗർത്തങ്ങൾ ആടിയുലഞ്ഞു. ദൂരെ, ഒരു ആരവം കേൾക്കുമാറായി. പെരുവെള്ളത്തിന്റെ ഇരമ്പൽപോലെ. ആത്മാക്കൾ പരിശുദ്ധൻ... പരിശുദ്ധൻ... എന്ന് ഉദ്ഘോഷിക്കുന്ന വലിയ സ്വരം. ഒപ്പം ഒരു പ്രകാശവലയം അകലെത്തെളിഞ്ഞു. അത് അടുത്തടുത്തു വരുന്നു. ആ പ്രകാശവലയത്തിൽ യേശുനാഥന്റെ തിരുമുഖം തെളിഞ്ഞുകാണുന്നു.

ഒന്നേ നോക്കിയുള്ളൂ. യൂദാസിന്റെ ആത്മാവ് ഞെട്ടിവിറച്ചു. 'ഗുരു തന്റെ തെറ്റിനു ശിക്ഷിക്കാനും ശാസിക്കാനും വരുന്നു! ഇനി തനിക്കു രക്ഷയില്ല.' അയാളുടെ ആത്മാവ് പാതാളഗർത്തങ്ങളുടെ ചുവരുകളിൽ ഒളിക്കാൻ ശ്രമിച്ചു.

"യൂദാസ്," യേശു അവന്റെ അടുത്തെത്തി. "നീ എന്താണു മറഞ്ഞിരിക്കുന്നത്?" യേശു ശാന്തമായി ചോദിച്ചു.

"ഗുരുവേ, എനിക്ക് അങ്ങയുടെ തിരുമുഖം ദർശിക്കാൻ കഴിയുന്നില്ല. അങ്ങ് എന്നിൽനിന്ന് അകന്നുപോകണമേ... ഞാൻ പാപിയാണ്. അങ്ങയെ ഒറ്റിക്കൊടുത്ത മഹാപാപി..."

"യൂദാസേ, ഞാൻ എല്ലാം അറിയുന്നു. 'പാപികളേ തേടിയാണു ഞാൻ വന്നിരിക്കുന്നത്. നീതിമാന്മാരെയല്ല' എന്ന എന്റെ വചനം നീ മറന്നു അല്ലേ. നീ എല്ലാം മറന്നു, എന്നെയും."

"കർത്താവേ, നീ എല്ലാമറിയുന്നവനും സർവശക്തുമല്ലേ. പിന്നെ എന്തിനാണ് എനിക്കു ജന്മം നൽകിയതും ഈ കൊടും പാപം ചെയ്യാൻ എന്നെ അനുവദിച്ചതും?" യൂദാസിന്റെ ആത്മാവ് നിരാശയോടെ യേശുവിനോടു തർക്കിച്ചു.

"എന്നോടൊപ്പമായിരുന്നപ്പോൾ ഞാൻ പറഞ്ഞ ധൂർത്തപുത്രന്റെ ഉപമ നീ ഓർക്കുന്നോ? ധൂർത്തപുത്രൻ പാപം ചെയ്ത് പിതാവിൽനിന്ന് അകന്നുപോയിട്ടും തിരിച്ചുവന്നില്ലേ, നിനക്ക് എന്തുകൊണ്ട് അനുതപിച്ച് തിരിച്ചുവന്നുകൂടായിരുന്നു. ദൈവത്തിന്റെ സ്നേഹം മനുഷ്യർക്കു വെളിപ്പെടുത്തിത്തരാനല്ലേ ഞാൻ പീഡകൾ സഹിച്ച് മരിച്ചടക്കപ്പെട്ടിരിക്കുന്നത്."

"അപ്പോൾ അവിടുന്നു മരിച്ചോ?" യൂദാസിനു വിശ്വസിക്കാൻ കഴിഞ്ഞില്ല.

"അതേ യൂദാസ്, ഞാൻ ക്രൂശിക്കപ്പെട്ടു. മരിച്ചടക്കപ്പെട്ടിരിക്കുന്നു. എന്റെ ആത്മാവ് പാതാളത്തിൽ കഴിയുന്നവരോടു സുവിശേഷം അറിയിക്കാനും അനുതപിച്ചു മാനസാന്തരപ്പെടുന്നവരെ സ്വർഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകാനുമാണ് വന്നിരിക്കുന്നത്."

"കർത്താവേ, ഈ പാപിയോടും അവിടുന്നു കരുണ കാണിക്കണമേ. അയോഗ്യനെങ്കിലും അവിടുത്തെ രാജ്യത്തിൽ ഒരു ദാസനായി എന്നെയും സ്വീകരിക്കണമേ." യൂദാസിന്റെ ആത്മാവ് അനുതാപത്തോടെ കേണപേക്ഷിച്ചു.

"യൂദാസേ, നിനക്കുവേണ്ടിക്കൂടിയാണു ഞാൻ പീഡകൾ സഹിച്ചത്. ഓരോ ആത്മാവും എനിക്ക് എത്രമേൽ വിലപ്പെട്ടതാണെന്നറിയുമോ? അനുതപിക്കുന്ന ഒരു പാപിയെപ്പോലും എനിക്കു തള്ളിക്കളയാൻ പറ്റില്ല. നിന്നെയും ഞാൻ എന്റെ രാജ്യത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു." യൂദാസിന്റെ ആത്മാവ് യേശുവിന്റെ പ്രകാശവലയത്തിൽ സാവധാനം അലിഞ്ഞുചേർന്നു; ആനന്ദനിർവൃതിയിൽ ലയിച്ചു. ■

കവിത

■ സിബിൻ ദാസ്

# പ്രളയാനന്തരം

വേരുകൾകൊണ്ട് അത്രമേൽ
കെട്ടിപ്പിടിച്ചിരുന്നിട്ടും
ഇന്നലെ രാത്രി അവൾ
മഴയ്ക്കൊപ്പം മലയിറങ്ങിപ്പോയി.

അരുതെന്നു ചില്ലകൾകൊണ്ട്
ഒന്നെത്തിപ്പിടിക്കാൻ ശ്രമിച്ചതല്ലാതെ
ധൃതിയിൽ ഇറങ്ങിപ്പോയ മണ്ണിന്റെ
കാൽപ്പെരുമാറ്റത്തിന്റെ ഇരമ്പലിനു
കാതോർത്തതല്ലാതെ
കടപുഴകിയ ആ മരത്തിന്
ഒന്നും ചെയ്യാനുണ്ടായിരുന്നില്ല.

വേരിലവശേഷിച്ച മൺശകലങ്ങളെയും
തുടച്ചെടുത്തുകൊണ്ട് ആ മഴ
കുന്നിറങ്ങുമ്പോഴും അതിന്
ഒന്നുംതന്നെ ചെയ്യാനുണ്ടായിരുന്നില്ല.

മഴതന്ന ഒരു ജലാശയത്തെ അവൾ
ഗർഭത്തിൽ മയിൽപ്പീലിപോലെ
സ്വകാര്യമായി സൂക്ഷിച്ചിരുന്നെന്ന്
അതിനറിയില്ലായിരുന്നു.

അവളെ കെട്ടിപ്പിടിച്ചിരുന്ന വേരിൽ
ശൂന്യത ഇരുട്ടായി
പറ്റിപ്പിടിച്ചതിന്റെ മരവിപ്പല്ലാതെ
അത് ഒന്നും അറിയുന്നുണ്ടായിരുന്നില്ല.


പിറ്റേന്ന് പകൽ മഴ എന്തോ എടുക്കാൻ
മറന്നപോലെ പിന്നെയും കൂസലില്ലാതെ
കുന്നു കയറിവന്നു.

കൂടെവന്നവളെവിടെയെന്നു ചോദിച്ചില്ല.
അവൾ അപഹരിച്ചുകൊണ്ടുപോയ
മനുഷ്യരെവിടെയെന്നും ചോദിച്ചില്ല.

കലഹത്തിന്റെ കാലുഷ്യവും
വിലാപത്തിന്റെ കാലവർഷവും
പൊഴിഞ്ഞുപോയ ഇലകൾക്കൊപ്പം
ഒലിച്ചുപോയിരുന്നു.
മഴ മലയിറങ്ങിപ്പോയി.
മഞ്ഞവെയിൽ പിന്നെയും കുന്നുകയറിവന്നു.

ജീവിതത്തോട് അതിന് അത്രയും
കൊതിയുണ്ടായിരിക്കണം.
നിലംപതിച്ച ഉടലിൽ പിന്നെയും
മുകുളം ഉയിർകൊണ്ടു.

സ്നേഹമല്ലാതെ മറ്റൊന്നുമതിന്
അറിയില്ലായിരിക്കണം
വേരുകൾകൊണ്ട് പിന്നെയുമത്
മണ്ണിനെ കെട്ടിപ്പിടിച്ചു.



ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം.

സങ്കീർത്തനങ്ങൾ 27:1

**എഡിറ്റോറിയൽ**

# ആരാണ് കായികഭാരതത്തെ അപമാനിക്കുന്നത്?

**ഒ**ളിമ്പിക്സ് അടക്കമുള്ള അന്താരാഷ്ട്രവേദികളിൽ രാജ്യത്തിന്റെ യശസ്സ് വാനോളമുയർത്തിയ കായികതാരങ്ങൾ നീതിക്കുവേണ്ടി തെരുവിൽ കൈകൂപ്പിക്കരയുന്നത് ഏതൊരു ഭാരതീയനെയും നൊമ്പരപ്പെടുത്തുന്നതാണ്. ആത്മാഭിമാനത്തിനായി അടരാടുന്ന ആ കായികതാരങ്ങൾക്കൊപ്പം നില്ക്കേണ്ടതിനുപകരം, അവരെ അപമാനിച്ചകറ്റുന്നത് അങ്ങേയറ്റം അപലപനീയവും സാംസ്കാരിക ഭാരതത്തിനാകെ അപമാനകരവുമാണ്.

രാജ്യാന്തരവേദികളിൽ ഭാരതത്തിന് അഭിമാനമായി മാറിയ ഗുസ്തിതാരങ്ങളാണ് നാളുകളായി ഡൽഹിയിലെ ജന്തർമന്തറിൽ നീതിക്കായി പടപൊരുതുന്നത്. ഗുസ്തി ഫെഡറേഷൻ മേധാവിയും ബിജെപിയുടെ ലോകസഭാംഗവുമായ ബ്രിജ്ഭൂഷൺസിങ്ങിനെതിരേ ഏഴു വനിതാഗുസ്തിതാരങ്ങളാണ് ലൈംഗികാരോപണമുയർത്തി പരാതി നൽകിയത്. പരിഹാരം വൈകിയതോടെയാണ് താരങ്ങൾ തെരുവിലേക്കിറങ്ങിയത്. ടോക്യോ ഒളിമ്പിക്സിൽ വെങ്കലം നേടിയ ബജ്രംഗ് പുനിയ, റിയോ ഒളിമ്പിക്സിൽ വെങ്കലം നേടിയ സാക്ഷി മാലിക്, ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ സ്വർണം നേടിയ വിനേഷ് ഫൊഗട്ട് എന്നിവരാണ് സമരത്തിനു നേതൃത്വം നൽകുന്നത്. ഒടുവിൽ, സുപ്രീംകോടതിയുടെ ഇടപെടലിൽ ഡൽഹി പോലീസ് രണ്ടു കേസെടുത്തു. സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമത്തിനും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പരാതിയിൽ പോക്സോ വകുപ്പുപ്രകാരവുമാണ് രണ്ടു കേസുകൾ ചുമത്തപ്പെട്ടിരിക്കുന്നത്.

രാജ്യത്തെ പരമോന്നത കായികപുരസ്കാരമായ ഖേൽരത്ന നേടിയ മൂന്നു താരങ്ങൾ നീതിക്കുവേണ്ടി തെരുവിലിറങ്ങിയിട്ടും, ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ സമരത്തെ പിന്തുണയ്ക്കാത്തതു പ്രതിഷേധമുയർത്തിയിരുന്നു. സമരം ചെയ്യുന്നവർ ഇന്ത്യയുടെ പ്രതിച്ഛായ കളങ്കപ്പെടുത്തിയെന്ന അസോസിയേഷൻ പ്രസിഡന്റ് പി.ടി. ഉഷയുടെ ആരോപണം അടിസ്ഥാനരഹിതമാണെന്നു പറഞ്ഞ് കേരളത്തിലേതടക്കമുള്ള കായികതാരങ്ങളും രാഷ്ട്രീയസാമൂഹികനേതാക്കളും നിരീക്ഷകരും രംഗത്തുവന്നിരുന്നു. കായികതാരങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട സംഘടന ഒരു നിർണായകഘട്ടത്തിൽ അവരെ തള്ളിപ്പറഞ്ഞപ്പോൾ മുറിവേറ്റത് കായികതാരങ്ങൾക്കു മാത്രമല്ല, കായികകലയെ സ്നേഹിക്കുന്ന ഓരോ ഇന്ത്യാക്കാരനുമാണ്.

ജനുവരിയിൽ തുടങ്ങിയ താരങ്ങളുടെ തെരുവുസമരം കേന്ദ്രകായികമന്ത്രാലയം ഒത്തുതീർപ്പിലെത്തിച്ചെങ്കിലും, ഏഴംഗസമിതിയുടെ അന്വേഷണറിപ്പോർട്ടു വൈകിയതും കേസെടുക്കാത്തതുമാണ് രണ്ടാംവട്ടവും താരങ്ങളെ ജന്തർമന്തറിൽ പോരിനിറക്കിയത്.

അയോധ്യാരാഷ്ട്രീയത്തിന്റെ മല്ലനായ ബ്രിജ്ഭൂഷൺ 2012 ലാണ് ദേശീയ റസിലിങ് ഫെഡറേഷന്റെ അധ്യക്ഷനാകുന്നത്. ആറുവട്ടം ഉത്തർപ്രദേശിൽനിന്ന് ലോകസഭാംഗമായ ബ്രിജ്ഭൂഷന് വലിയൊരു വോട്ടുബാങ്കാണ് അയോധ്യയിലും സമീപപ്രദേശങ്ങളിലുമുള്ളത്. ലോകസഭാതിരഞ്ഞെടുപ്പിന് മാസങ്ങൾമാത്രം ബാക്കിനില്ക്കേ, സിങ്ങിനെതിരേ നടപടിയെടുക്കാത്തതിന്റെ മുഖ്യകാരണം വോട്ടുപേടിയാണെന്നതു സ്വാഭാവികാനുമാനംമാത്രം. രാഷ്ട്രീയശക്തിക്കപ്പുറം അമ്പതോളം വിദ്യാഭ്യാസസ്ഥാപനങ്ങളടങ്ങിയ വലിയൊരു സാമ്രാജ്യത്തിലെ മുടിചൂടാമന്നൻകൂടിയാകുമ്പോൾ വലിയൊരു വോട്ടുബാങ്കിന്റെ ബലവും സ്വാധീനവും സിങ്ങിനു നല്കുന്ന ആത്മവിശ്വാസം ചില്ലറയല്ല. ഇത്തരത്തിലുള്ള ഒരു രാഷ്ട്രീയ സാമൂഹിക അതികായനെ തളയ്ക്കാൻ ഭരണകൂടം മടിവിചാരിക്കുന്നതിന്റെ രാഷ്ട്രീയത്തെക്കുറിച്ചോർത്ത് അദ്ഭുതപ്പെട്ടിട്ടു കാര്യമില്ല.

കായികസംഘടനകളുടെ തലപ്പത്തും കലാരംഗത്തും മറ്റും രാഷ്ട്രീയക്കാർ നുഴഞ്ഞുകയറി ഭരണം പിടിച്ചെടുക്കുന്നതു വിരോധാഭാസമാണ്. പൗരന്മാരെ ബാധിക്കുന്ന സകലകാര്യങ്ങളിലും കക്ഷിരാഷ്ട്രീയം കൈകടത്തുന്നതിന്റെ അപകടങ്ങളാണ് ദിനംപ്രതി കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ രംഗത്തും അതിൽത്തന്നെ മികവുള്ളവർ എത്തണമെന്നു വാദിക്കുമ്പോഴും അവരെ നിയന്ത്രിക്കുന്നതും നിലയ്ക്കു നിർത്തുന്നതും സ്ഥാനത്തു കയറ്റിയിരുത്തിയ രാഷ്ട്രീയ യജമാനന്മാരായിരിക്കേ, അവരോടു കൂറുപുലർത്തുന്നതും പ്രത്യയശാസ്ത്രങ്ങളോടു പക്ഷംചേരുന്നതും സ്വാഭാവികമര്യാദയുടെ പരിധിയിൽ വരുന്നു. ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ ഭാരവാഹികൾക്കു സംഭവിച്ചതും മറ്റൊന്നല്ല. ഇത്തരം രാഷ്ട്രീയ അടിമത്തങ്ങൾ വരുത്തിവയ്ക്കുന്ന വിന ജനാധിപത്യഭാരതത്തെയും അതിന്റെ ധാർമികബോധത്തെയും സംബന്ധിച്ചിടത്തോളം വളരെ ദൗർഭാഗ്യകരമാണ്.

അന്വേഷണസമിതിയുടെ കണ്ടെത്തലുകളെക്കുറിച്ചറിയാൻ താരങ്ങൾക്ക് അവകാശമുണ്ട്. അതും രാഷ്ട്രീയ പ്രേരിതമായിരിക്കേ, സത്യസന്ധമായ റിപ്പോർട്ടുകൾ ഉണ്ടാകുമോ എന്നതു കണ്ടറിയേണ്ടിയിരിക്കുന്നു. നിഷ്പക്ഷവും നീതിപൂർവകവുമായ അന്വേഷണത്തിലൂടെ നമ്മുടെ അഭിമാനതാരങ്ങളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കപ്പെടണമെന്നു രാജ്യമൊന്നാകെ ആഗ്രഹിക്കുന്നു. അതിനു ഭരണകൂടവും രാഷ്ട്രീയനേതൃത്വങ്ങളും തയ്യാറാകുമോ എന്നതു മാത്രമാണ് അവശേഷിക്കുന്ന ചോദ്യം. താരങ്ങളുടെ തെരുവുസമരത്തിന് അന്ത്യംകുറിച്ച് അവരെ പിന്തുണയ്ക്കുന്നതിനപ്പുറം, രാഷ്ട്രീയതാത്പര്യങ്ങൾക്കും നേതാക്കൾക്കുമാണു മുൻഗണനയെങ്കിൽ അതു രാജ്യത്തിന്റെ നാളിന്നോളമുള്ള പവിത്രപാരമ്പര്യത്തിനു തീരാക്കളങ്കമായിരിക്കും.

# കാലം നമിക്കും കനകകിരീടം

## ഗോൾഡൻ ഗ്ലോബ് റേസിൽ വിജയതീരമണഞ്ഞ് മലയാളി അഭിലാഷ് ടോമി

- പായ്‌വഞ്ചിയിൽ 236 ദിവസംകൊണ്ടു പിന്നിട്ടത് 48,000 കിലോമീറ്റർ
- റേസ് പൂർത്തിയാക്കുന്ന ആദ്യ ഏഷ്യക്കാരൻ






ഫ്രാൻസ്: സാഹസികസമുദ്രപര്യടനമായ ഗോൾഡൻ ഗ്ലോബ് റേസ് പായ്‌വഞ്ചിയോട്ടമത്സരത്തിൽ ഇന്ത്യൻ വിജയമുദ്ര! മലയാളി കമാൻഡർ അഭിലാഷ് ടോമിയുടെ എസ്.വി. ബയാനത് എന്ന പായ്‌വഞ്ചി ഏപ്രിൽ 29 ഇന്ത്യൻ സമയം രാവിലെ 10.16 ന് രണ്ടാം സ്ഥാനത്തു ഫിനിഷ് ചെയ്തു. 1968 ലെ സാങ്കേതികസംവിധാനങ്ങൾ മാത്രം ഉപയോഗിച്ചു പങ്കെടുക്കേണ്ട ഗോൾഡൻ ഗ്ലോബ് റേസ് പൂർത്തിയാക്കുന്ന ആദ്യ ഏഷ്യക്കാരനാണ് നാല്പത്തിനാലുകാരനായ ചങ്ങനാശ്ശേരി സ്വദേശി അഭിലാഷ് ടോമി.

കഴിഞ്ഞവർഷം സെപ്റ്റംബർ നാലിന് ആരംഭിച്ച പായ്‌വഞ്ചിയോട്ടത്തിന്റെ 236-ാം ദിവസമാണ് അഭിലാഷ് വിജയതീരമണഞ്ഞത്. ദക്ഷിണാഫ്രിക്കൻ വനിത കിഴ്സ്റ്റൻ നോയിഷെയ്ഫർ രണ്ടു ദിവസംമുമ്പു ഫിനിഷ് ചെയ്തിരുന്നു. ഫ്രാൻസിലെ സാബ്ലെ ദെലോനിൽനിന്ന് ആരംഭിച്ച പായ്‌വഞ്ചിയോട്ടം അറ്റ്ലാന്റിക് പസഫിക്, ഇന്ത്യൻ മഹാസമുദ്രങ്ങളിലൂടെ 48,000 കിലോമീറ്ററോളം പിന്നിട്ടാണ് തിരികെയെത്തിയത്. ഇതിനിടെ കേപ് ഓഫ് ഗുഡ്ഹോപ്. കേപ് ല്യൂവിൻ, കേപ് ഹോൺ എന്നീ മുനമ്പുകളും ഈ നാവികൻ പിന്നിട്ടു.

രണ്ടാംതവണയാണ് അഭിലാഷ് ടോമി കടലിലൂടെ ഒറ്റയ്ക്ക് ഒരിടത്തും നിർത്താതെ ലോകം ചുറ്റുന്നത്. 2012 ൽ ഇന്ത്യൻനാവികസേനയുടെ സാഗർ പരിക്രമ 2 ന്റെ ഭാഗമായി 151 ദിവസം തുടർച്ചയായി സമുദ്രയാത്ര നടത്തി. 2018 ലെ ഗോൾഡൻ ഗ്ലോബ് റേസിനിടെ ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ കടൽക്ഷോഭത്തിൽ വഞ്ചി തകർന്ന് അഭിലാഷ് ടോമിക്കു പരുക്കേറ്റിരുന്നു.

# PALA STEEL & CEMENTS

Market Road, Pala

Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in:

JSW NEOSTEEL PURE TMT BARS

RAMCO SUPER GRADE

durashine TATA BLUESCOPE STEEL

TATA TISCON JOY OF BUILDING

METCON TMT BARS





34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം പൊൻകുന്നം

Ph: 9495195739, 9495021259

HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു

+2 Science commerce humanities

6 മാസംകൊണ്ട് +2, 10

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)

B.Com - Finance and Taxation

Co-Operation

M.A. - Malayalam, History

Regular, Postal & Holiday Classes



60 Yeasr Trust

KTS PRODUCTS SINCE 1995

Tastit ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com

E-mail: kunneloilmills@gmail.com

Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രിസ്, രാമപുരം

# കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മുഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

# മുഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...

Branded Curtain, Blinds & Photo Frame

നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം!

# ജോൺസൺ ഫർണീഷിംഗ്

ആലനോലി ബിൽഡിംഗ്സ്, രാമപുരം

Mob: 9447803477

Prop: സോബി ആലനോലിക്കൽ

കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു

Deepanalam Weekly
RNI No : 16998/68
Vol. 56 No. 10 Date of Publication 4 May 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# രക്ഷയുടെ ചെറിയ പ്രേഷിതർ
## (Little Apostles of Redemption-L.A.R.)
### നിങ്ങളെ സ്വാഗതം ചെയ്യുന്നു



ദൈവദാസൻ
ഫാ. അർത്തൂറോ ദൊണ്ണോഫ്രിയോ
(ഇറ്റലി)
(സഭാസ്ഥാപകൻ)
(1914-2006)

**"ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തത്" (മത്താ. 25:40)**

**നേടാനുള്ള പടയോട്ടങ്ങൾക്കിടയിൽ എല്ലാം നഷ്ടപ്പെടുത്തുവാൻ...!**
**ലോകത്തിന്റെ ബഹുമതിയെക്കാൾ അതിന്റെ നിന്ദനങ്ങൾ ഇഷ്ടപ്പെടുവാൻ...!!**
**ഉള്ളിൽ പകർന്നു നൽകിയ ഉണ്മയെ കൂടുതൽ തിളക്കമേറ്റി തിരിച്ചുനൽകാൻ...!!!**

സമർപ്പിതസേവനത്തിലൂടെ ക്രിസ്തുവിന്റെ മിഷനറിയായി കുഞ്ഞുങ്ങൾക്കും വൃദ്ധമാതാപിതാക്കൾക്കും ആരോരുമില്ലാത്തവർക്കും അംഗവൈകല്യമുള്ളവർക്കും കുരിശിൽ പൂർത്തിയാക്കപ്പെട്ട സ്നേഹം പകർന്നുകൊടുക്കുവാൻ താത്പര്യമുള്ള കുഞ്ഞനുജത്തിമാരെ **രക്ഷയുടെ ചെറിയ പ്രേഷിതർ (L.A.R)** എന്ന സന്ന്യാസിനീസമൂഹം സ്വാഗതം ചെയ്യുന്നു.

1947 ൽ ഫാ. അർത്തൂറോ ദൊണ്ണോഫ്രിയോ ഇറ്റലിയിൽ സ്ഥാപിച്ച ഈ സന്ന്യാസിനീസമൂഹം ഇപ്പോൾ ഇറ്റലി, കൊളമ്പിയ, സാൽവദോർ, ഗ്വാട്ടിമാല, ഇന്ത്യ, മെക്സിക്കോ, ഈസ്റ്റ് തിമോർ, മഡഗാസ്കർ എന്നിവിടങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തിവരുന്നു. ഇന്ത്യയിൽ കേരളത്തിൽ പാലാ രൂപതയിൽ മണ്ണയ്ക്കനാട്ടും പാലായിൽ കിഴതടിയൂരും, വാക്കാട് ഇടവകയിലും ഇടുക്കി ജില്ലയിൽ വാഴത്തോപ്പ് ഇടവകയിലും (04862-235428) സമൂഹത്തിന്റെ ശാഖാഭവനങ്ങൾ പ്രവർത്തിക്കുന്നു. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി വിവിധ പ്രവർത്തനങ്ങളിലൂടെ പ്രതിഷ്ഠിതസേവനം അനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർ **ഉടൻ ഞങ്ങൾക്കെഴുതുക**

| Vocation Promoter<br>L.A.R. Convent<br>Mannackanad P.O.<br>Kuravilangad - 686 633<br>Phone: 04822-251086 | Vocation Promoter<br>L.A.R. Convent<br>PALAI - P.O. 686 575<br>Kizhathadiyoor<br>Phone: 04822-215137 |
|---|---|

# സാഗർ രൂപതയിൽ
## മിഷണറി വൈദികനാകുവാൻ സ്വാഗതം






"നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുക" (മർക്കോ. 16:15) എന്ന യേശുനാഥന്റെ സ്വരം ശ്രവിച്ചുകൊണ്ട് യേശുവിനെ ഈ നിമിഷംവരെ അറിഞ്ഞിട്ടില്ലാത്ത മനുഷ്യമക്കളുടെയിടയിൽ ക്രിസ്തുവിന്റെ ധീരമിഷണറിയായി മുന്നേറുവാൻ ആഗ്രഹിക്കുന്ന എസ്. എസ്.എൽ.സി.യോ ഉപരിപഠനയോഗ്യതയോ ഉള്ള കുഞ്ഞനുജന്മാരെ ഹാർദമായി ക്ഷണിക്കുന്നു. കേരളത്തോളം സ്ഥലവിസ്തീർണമുള്ളതും, മധ്യപ്രദേശിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്നതുമായ അഞ്ചു ജില്ലകളിൽ രൂപതാവൈദികനായി സേവനം ചെയ്യുവാൻ താത്പര്യമുള്ളവർ ബന്ധപ്പെടുക.

**Vocation Promoter, Sagar Mission Home**
**Attore Road, Kuttur P.O, Thrissur, Kerala**
**Mob: 9009544471, 9424592588**



# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

TONY VALLIAIL ACHAYANS GROUP
SINCE 2005

മധ്യ തിരുവിതാംകൂറിൽ മാത്രമായി 18 ഷോറൂമുകൾ

**സ്വർണ്ണം വിൽക്കുമ്പോൾ**
**ഏറ്റവും ഉയർന്ന വില.**
**അച്ചായൻസ്.** നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങളിൽ **എന്നും നിങ്ങളോടൊപ്പം.**

18 വർഷത്തെ സേവന പാരമ്പര്യം

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു

ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചേർത്തല | കടുത്തുരുത്തി

## അച്ചായൻസ് ഗോൾഡ് 916

ഉഴവൂർ | കോട്ടയം | പാലാ
PH: 9072 388 172, 9847 113 429


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai. Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala. Pin 686575. Editor: Fr. Kurian (Thadathil) (Responsible for selection of news under PRB Act.)
Ph. 04822-212842 • 7306874714 • Fax. 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org